SUKUMARAN



കാർത്തികയുടെ

# ധർമ്മയുദ്ധം

കഥ. സംഭാഷണം
വി.ടി.നന്ദകുമാർ.

സംവിധാനം
വിൻസന്റ്

153

GEO

# "കാർത്തിക" പ്രഖ്യാപിക്കുന്ന ധർമ്മയുദ്ധം

| | | |
|---|---|---|
| കഥ-സംഭാഷണം | — | വി. ടി. നന്ദകുമാർ |
| ഗാനങ്ങൾ | — | പി. ഭാസ്കരൻ, പ്രൊ: ജി. കുമാരപിള്ള |
| സംഗീതം | — | ദേവരാജ് |
| ഗായകസംഘം | — | ജയചന്ദ്രൻ, അയിരൂർ സദാശിവൻ, പി. സുശീല, കവിയൂർ പൊന്നമ്മ, മാധുരി (etc) |
| നൃത്തസംവിധാനം | — | ഈ. മാധവൻ |
| മേക്കപ്പ് | — | ഗംഗാധരൻ |
| വസ്ത്രാലങ്കാരം | — | കുമാർ |
| കലാസംവിധാനം | — | ഭരതൻ |
| ചിത്രസംയോജനം | — | ജി. വെങ്കിട്ടരാമൻ |
| നിശ്ചലഛായാഗ്രഹണം | — | പത്മനാഭൻ |
| ഛായാഗ്രഹണം | — | സൂര്യപ്രകാശ് |
| സഹസംവിധാനം | — | യതീന്ദ്രദാസ് |
| നിർമ്മാണം | — | എം. കെ. മണി |
| സംവിധാനം | — | വിൻസൻറ് |

**വിതരണം:–ജിയോ പിക്ചേഴ്സ് – (കോട്ടയം, എറണാകുളം, കോഴിക്കോട്.)**

# ധർമ്മയുദ്ധം

## കഥാസംഗ്രഹം

മഞ്ചേശ്വരം മുതൽ പാറശ്ശാലവരെയുള്ള കേരളാതിർത്തികൾക്കുള്ളിൽ പഴമയുടെ പര്യായമായി പഴകി ദ്രവിച്ചു നിലകൊള്ളുന്ന നിരവധി കൊട്ടാരങ്ങളും കോവിലകങ്ങളും കാണാം. അതിലൊന്നാണ് മേലൂർ "കോവിലകം." പണ്ട് ആനയും അമ്പാരിയും പല്ലക്കും അകമ്പടിക്കാരുമൊക്കെയുണ്ടായിരുന്ന ആ കോവിലകത്തെ ഇന്നത്തെ സ്ഥിതി ശോചനീയമാണ്. കുടിയാന്നു ഭൂമിയിൽ സ്ഥിരാവകാശം നൽകിക്കൊണ്ടുള്ള നിയമം നടപ്പിലായതോടെ ഇരുപതിനായിരത്തിൽ പരം ഏക്കർ ഭൂമിയുടെ ഉടമയായിരുന്ന "വലിയ തമ്പുരാന്റെ" ഭൂമിമുഴുവൻ പാട്ടക്കാരുടെയും അടിയാന്റെയും കുടിയാന്റെയുമൊക്കെ കൈവശത്തിലായി.

പാട്ടക്കാരാരുംതന്നെ പാട്ടം കൊടുക്കുന്നില്ലെന്നതോ പോകട്ടെ, കണ്ടാൽ മിണ്ടില്ലെന്നുകൂടെയായി. അതിൽഒരു പാട്ടക്കാരനായ 'അവറാച്ചൻ' മാത്രം വ്യത്യസ്തനായിരുന്നു. ഒരു കുടിയാന്റെ മകനായ അയാൾ കോവിലകം വക നൂറേക്കർ ഭൂമി പാട്ടത്തിനേറ്റിരുന്നു. അതിലെ ആദായം കൊണ്ടുമാത്രം നല്ലൊരു നിലയിലെത്തി, അവറാച്ചൻ.

കോവിലകത്തെ ദാരിദ്ര്യവും ദയനീയസ്ഥിതികളും കണ്ട് അനുകമ്പതോന്നിയ അവറാച്ചൻ തമ്പുരാനെ സമീപിച്ചു ഏർപ്പാടു തീർക്കുവാൻ. തമ്പുരാനപേക്ഷിച്ചു:—"അവറാ

ച്ഛനിന്നല്ലൊരു സ്ഥിതി ഉണ്ടല്ലോ? കുറേക്കൂടി തന്ന് ഏർപ്പാടുതീർത്താൽ വലിയ രക്ഷയായി.'

''അവരാച്ഛനുണർത്തിച്ചു:– ''അടിയനുമാകെ പരുങ്ങലിലാണു തമ്പുരാനെ. ഒരു അംബാസഡർ കാർ ബുക്കുചെയ്തിട്ട് ഡലിവറി എടുക്കാൻ അയ്യായിരം രൂപയുടെ കുറവുണ്ട്. അതെങ്ങിനെയുണ്ടാക്കുമെന്ന് ചിന്തിക്കുകയാണടിയൻ.''

''ജന്മിക്കു റേഷൻ വാങ്ങാൻപോലും ബുദ്ധിമുട്ട് –അടിയാനു കാറുവാങ്ങാൻ ബദ്ധപ്പാട്'' ഇതുമൊരു ജീവിതവൈരുദ്ധ്യം.

* * * * * * *

തമ്പുരാന്റെ മകൾ ''ശ്രീദേവിക്ക്'' തൃശ്ശൂർ എഞ്ചിനീയർ ആഫീസിൽ ഒരു ജോലികിട്ടി. തമ്പുരാന്റെ പഴയ കാര്യസ്ഥനായിരുന്ന ''ഗോവിന്ദപ്പണിക്കരുടെ'' വീട്ടിൽ താമസസൗകര്യവും തമ്പുരാനേർപ്പാടുചെയ്തുകൊടുത്തു. പണിക്കരുടെ മകൻ ''രാജൻ'' അവിടത്തെ ജൂനിയർ എഞ്ചിനീയറാണ്. സൗന്ദര്യത്തിന്റെ നിറകുടമായ ശ്രീദേവിയിൽ രാജൻ അനുരക്തനായി. ഒരുരാത്രി അനിയന്ത്രിതമായ വികാരത്തള്ളലാൽ അവൻ ശ്രീദേവിയെ ഒന്നു വാരിപ്പുണരുവാൻ ശ്രമിച്ചു. അതിൽ അവമാനിതയായ ശ്രീദേവി അവധിക്കപേക്ഷയും കൊടുത്തു് വീട്ടിലേക്കു മടങ്ങി.

ബിരുദധാരിയായ മകൻ ''കൊച്ചുനിയൻ'' ബോംബെയിൽ ഒരു ജോലി കിട്ടി. മകന്റെ ശമ്പളം കൊണ്ടു ജീവിക്കാമെന്നാശിച്ചിരുന്ന തമ്പുരാന്റെ അടുക്കൽക്ക് ഒരു സ്വപ്നങ്ങളിൽ പലതും ദീക്ഷയും വളർത്തി പ്രാകൃതനായൊരു [illegible] എല്ലാം നഷ്ടപ്പെട്ട

വനെപ്പോലെ കൊച്ചുനിയനും മടങ്ങിയെത്തി. തമ്പുരാൻ, തമ്പുരാട്ടി, കൊച്ചുനിയൻ, ശ്രീദേവി ഈ നാലു വിശക്കുന്ന വയറുകൾക്കു ഭക്ഷണം കണ്ടെത്താൻ തമ്പുരാൻ കിട്ടുന്നിടത്തുനിന്നെല്ലാം കടം വാങ്ങാതെ ഗത്യന്തരമില്ലാതായി.

സംഗീതത്തിൽ അല്പം ജ്ഞാനം നേടിയിരുന്ന കൊച്ചുനിയൻ, ഈ ജീവിത ക്ലേശങ്ങളും മനോദുഃഖവുമെല്ലാം തന്റെ സിത്താർ മീട്ടി പാടി മറക്കുവാൻ ശ്രമിച്ചു. ഒരു യോഗിയെപ്പോലെ സംഗീതത്തിൽ നിർവൃതി കണ്ടെത്തിയ ആ യുവാവ് മാനസിക സ്വാസ്ഥ്യത ലഭിക്കുവാൻവേണ്ടി ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനമിരിക്കുവാൻ പോയി.

അവിടെവച്ച് ഒരു മുടന്തിയും, നിരാശ്രയയുമായൊരു യുവതിയെ കണ്ടെത്തി– "മീനു". അവളോടനുകമ്പയും സഹാനുഭൂതിയും തോന്നിയ കൊച്ചുനിയൻ അവളെ തന്റെ സഹധർമ്മിണിയാക്കി.

ഭജനവും പൂർത്തിയാക്കി ഭാര്യാസമേതം കോവിലകത്തു മടങ്ങിയെത്തിയ കൊച്ചുനിയനെ കണ്ടു തമ്പുരാൻ ക്ഷുഭിതനായി "വിവാഹം ചെയ്തതിലല്ല–ഈ ഒരുവയറിനുകൂടിയിനി ഞാൻ ആഹാരമുണ്ടാക്കണമല്ലോ" എന്നവലിയ പ്രശ്നമാണ് തമ്പുരാനെ ക്ഷോഭിപ്പിച്ചത്.

അവളുടെ ആഗമനത്തോടെ, അകന്നുനിന്നിരുന്ന ഐശ്വര്യലക്ഷ്മിയും ആ കോവിലകത്തെത്തിനോക്കിത്തുടങ്ങി.. ശ്രീദേവിക്ക് അവധിക്കാലശമ്പളത്തോടുകൂടി സ്ഥലത്തുതന്നെ നിയമനം ലഭിച്ചു. കൊച്ചുനിയന് ഒരു സഹകരണസംഘത്തിലും ജോലികിട്ടി വയർ നിറച്ചുണ്ണുവാനുള്ള വക മകനും കൊണ്ടുവന്നപ്പോൾ പഴയ സംതൃപ്തിവീണ്ടുകിട്ടി തമ്പുരാന്. പക്ഷേ? ഒരു കൊടുങ്കാറ്റിന്റെ തുടക്കവും കുറിച്ചുകൊണ്ടൊരു കഥാപാത്രം "അപ്പുണ്ണി" വന്നെത്തി,

ആ കോവിലകം ഒരു യുദ്ധഭൂമിയായി മാറി. തമ്പുരാൻെറ മാനം പോലും ത്രാസ്സിൽ തൂങ്ങി. ക്രിമിനൽ കുററത്തിന് ജാമ്യമില്ലാത്ത വാറണ്ടുമായി കോടതിശിപായി ആ മുററത്തു കാവലായി. അന്നുരാത്രി ആ മാനധനൻ ഹൃദയംപൊട്ടി മരിച്ചു.

കൊച്ചനിയൻെറ മാനസികസമനിലയാകെ തെററി; ഭ്രാന്തുപിടിച്ചു; തുടലിലായി. നാലുഭാഗത്തുനിന്നുമുള്ള ആക്രമണങ്ങൾ അസഹനീയമായപ്പോൾ, ഭാരതയുദ്ധത്തിൽ തേരുതെളിച്ച സുഭദ്രയെപ്പോലെ ആ അടർക്കളത്തിലേക്കു് അരയും തലയും മുറുക്കിയിറങ്ങുവാൻ ഭദ്രത്തമ്പുരാട്ടി കച്ചകെട്ടി. വഞ്ചനയും കപടവും നിറഞ്ഞ അധർമ്മയോദ്ധാക്കളണിനിരന്ന ആ കുരുക്ഷേത്രഭൂമിയിലേക്കു് ആ ധീരവനിത സധൈര്യമിറങ്ങിത്തിരിച്ചു ധർമ്മംവീണ്ടെടുക്കുവാൻ. ഈ ധർമ്മയുദ്ധത്തിൽ വിജയം ആർക്കെന്നു പ്രവചിക്കുക സാദ്ധ്യമല്ല- ഗീതോപദേശമുമായൊരു ശ്രീകൃഷ്ണഭഗവാൻ ആ രണഭൂമിയിൽ പ്രത്യക്ഷപ്പെടുമോ? ആ പുല്ലാങ്കുഴൽവിളി അകലെ കേൾക്കുന്നുണ്ടോ? ശ്രദ്ധിക്കു! മലയാളത്തിലെ മികച്ച സേനാനിയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ധർമ്മയുദ്ധം കാണുക.

**അറിയിപ്പു്:-**

ഇതിലെ ഗാനങ്ങൾ ഞങ്ങളുടെ രേഖാമൂലമായ അനുമതികൂടാതെ മററുഗാനങ്ങളോടൊപ്പം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചുകൂടാത്തതും അപ്രകാരം പ്രസിദ്ധീകരിക്കുന്നവരുടെമേൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

# ഗാനങ്ങൾ

## 1

രചന—പി. ഭാസ്കരൻ
പാടിയതു്—ജയചന്ദ്രൻ

സങ്കൽപ്പമണ്ഡപത്തിൽ
രംഗപൂജാനൃത്തമാടാൻ
എൻ കിനാക്കളെന്നുമെന്നും
ഒരുങ്ങിയെത്തുന്നു–
ഒരുങ്ങിയെത്തുന്നു.
(സങ്കൽപ്പമണ്ഡപത്തിൽ....)

മഞ്ജുളമാം ഗാനത്തോടെ
മഞ്ജരീനാദത്തോടെ
കന്യകമാർ താലവുമായ്
ഒരുങ്ങിയെത്തുന്നു– (മഞ്ജുളമാം....)
യവനികയുയരാതെ കരഘോഷം
കേറാതെ
കവിളത്തു കണ്ണീരുമായ്
തിരിച്ചുപോകുന്നു (സങ്കൽപ്പ....)

എന്റെ സ്വന്തം മനസ്സിലെ
ഇന്ദ്രധനുസ്സെടുത്തു ഞാൻ
സുന്ദരമാം ചിത്രജാലം എഴുതിവച്ചുന്നു.
(എന്റെ സ്വന്തം മനസ്സിലെ....)

എന്റെ ചിത്രമന്ദിരത്തിൽ
എണ്ണമററ ചുവരുകളോ
കണ്ണുനീരിൻ പേമഴയിൽ കുതിർന്നുവീഴുന്നു.
(സങ്കൽപ്പമണ്ഡപത്തിൽ....)

## 2

രചന-പ്രൊ: ജി. കുമാരപിള്ള
പാടിയതു്—മാധുരി

യുവജനഹൃദയം—പുളകത്തിൽ പുത്തു
തളിരുകളണിയും രംഗത്തിൽ
അഴലിൻ നീലിമ മൂടിയമുഖമാ–
ന്നലയുവതെന്താണജപാലൻ....അജപാലൻ

കാമുകഹൃത്തിൽ കവിതപുരട്ടും
കാനനമുല്ലകൾ പൂത്തല്ലോ
മാദകസൗരഭ സാന്ദ്രസമീരണൻ
ആടിയുലാവിയണഞ്ഞല്ലോ? (കാമുക....)
പ്രേമദലോല വികാരവികസ്വര
കാമദസുസ്മിതരുചിവിഗ്രഹരേ! (പ്രേമദ....)
ചേലിലൊരപ്സര കന്യകയെപ്പോൽ
ശാരദരാവുമണഞ്ഞല്ലോ... അണഞ്ഞല്ലോ ...
ആ .. ആ.... ആ.... ആ........
കാമുകഹൃത്തിൽ കവിതപുരട്ടും
കാനനമുല്ലകൾ പൂത്തല്ലോ
കേളീലോലുപമാനസരാകും
കോമളകാനന ദേവതകൾ
ലീലാലാസ്യവിലാസോന്മാദമോർ—
ന്നാനന്ദോത്സവമാടുമ്പോൾ
മദപരിമോജ്ജ്വല രംഗതരംഗിത
മുരളീഗാനം ഉതിർക്കാതെ

അഴലിൻ നീലിമ മൂടിയമുഖമാ—
ർന്നലയുവതെന്താണജപാലൻ—
അജപാലൻ....
ആ ... ആ.... ആ.... ആ........
കാമുകഹൃത്തിൽ കവിതപുരട്ടും
കാനനമുല്ലകൾ പൂത്തല്ലോ
മാദകസൗരഭ സാന്ദ്രസമീരണൻ
ആടിയുലാവിയണഞ്ഞല്ലോ. (കാമുക....)

3

രചന - പി. ഭാസ്ക്കരൻ
പാടിയതു് - പി. സുശീല

തൃച്ചേവടികളിൽ അർച്ചനയ്ക്കായ് വന്ന
പിച്ചകപ്പൂവാണു ഞാൻ —
വെറുമൊരു പിച്ചകപ്പൂവാണു ഞാൻ
ആരാധനവിധി അറിയാതെ ദൂരത്തെ

ആരാമലതയിൽ ഞാൻ വിരിഞ്ഞു
ശ്രീകോവിലറിയാതെ, ദേവനെ കാണാതെ
ജീവിതമിത്രനാൾ കഴിഞ്ഞു (തുളസീ....)
പ്രദക്ഷിണവഴിയിൽ പൂജാരിയുതിർത്തറിഞ്ഞ
പ്രഭാത പുഷ്പത്തെ വീണ്ടും
കഴുകിയെടുത്തെടുത്ത് കാൽക്കലഭയം തന്ന
കാരുണ്യപൂമരമാണെൻ ദേവൻ (തുളസീ....)

4

രചന പി. ഭാസ്കരൻ
പാടിയവർ-ജയചന്ദ്രൻ, പൊന്നമ്മ,
മാധുരി, മുതൽപേർ.

മംഗലാം കാവിലെ മായാഗൗരിക്ക്
തിങ്കളാഴ്ച തിരുനൊയമ്പ്
തിങ്കളാഴ്ച തിരുനൊയമ്പ്
പുലരാൻനേരം രാവുള്ളപ്പോൾ
മലയാളമങ്കമാരെല്ലാരും നീരാടി
കൃഷ്ണക്രാന്തിപ്പൂവുകൾ ചൂടി-
കൃഷ്ണത്തുളസിക്ക വിളക്കുവെച്ചു
(മംഗലാം...)
അഞ്ജലികൂപ്പി നിൽക്കുമ്പോൾ വിഷ്ണു
കഞ്ജബാണനോട്ടു കൽപ്പിച്ചു നോമ്പുമുടക്കാൻ
മന്മഥനപ്പോൾ മാന്ത്രവാലൊരു ശരം തൊടുത്തു
(മംഗലാം....)
അംബികയപ്പോൾ ഞെട്ടിവിറച്ചു
കൺകളിൽ ദാവാനലൻ ജ്വലിച്ചു
ഹിമഗിരിസുതയെ ആശ്വസിപ്പിക്കാൻ
മുരഹരൻ മാംഗല്യവരം കൊടുത്തു
(മംഗലാം....)

5

രചന-പി. ഭാസ്കരൻ
ഗായിക-പി. സുശീല
സ്മരിക്കാൻ പഠിപ്പിച്ച മനസ്സേ
നീയെന്നെ മറക്കാൻ പഠിപ്പിക്കുമോ
സർവ്വവും മറക്കാൻ പഠിപ്പിക്കുമോ
(സ്മരിക്കാൻ...)

ഓർമ്മതൻ ചിറകുകളൊതുക്കിയെൻ
രാക്കിളി
ഒടുങ്ങാത്ത നിദ്രയിൽ ലയിക്കട്ടെ
നീലമനോഹരമാം സ്വപ്നനഭസ്സിൽ
ലീലാലാലസനായ് ചരിക്കട്ടെ
(സ്മരി....)
പായുന്ന സമയത്തിൻ കുളമ്പുകൾ ജീവിത
പാതയിൽ നിശ്ചലം നിന്നെങ്കിൽ—
മരിച്ചോരിന്നലെയും, പിറക്കാത്ത
നാളെയും
മനസ്സിനെ നോവിക്കാതിരുന്നെങ്കിൽ
(സ്മരി....)

6

രചന–പി ഭാസ്കരൻ
പാടിയത്–സദാശിവൻ

പ്രാണനാഥനെനിക്കു നൽകിയ
പരിതാപകരം ഖേദം—
പറയുക മമ നാഥേ–നാഥേ
നാക്കിനെയവളൊരു
തോക്കുപോലാക്കിയെന്റെ
നേർക്കു തീയുണ്ടകളാം വാക്കുകളുതിർത്തു....
(നാക്കിനെയവളൊരു....)
അംഗനാമണിമൗലി
കൊണ്ടയ്ക്കു പിടിച്ചെന്റെ
ചങ്കുതകരുമാറു തള്ളി
അട്ടഹസിച്ചു–
"ചട്ടമ്പി-റാസ്ക"ലെന്നു വിളിച്ചു
പുറത്തുതള്ളി–
നെഞ്ചിടിച്ചിട്ടുമെന്നെയടിമുടി
ഇഞ്ചിപോലെ ചതച്ചു സുന്ദരി
സൂചികണക്കു കുതിച്ചൊരു ചൂലുധരിച്ചും
ഉടൽ നോക്കിയടിച്ചും. (പ്രാണനാഥ....)

അച്ചടി:–പി. സി. പ്രസ്സ്. കോട്ടയം.

# ധർമ്മയുദ്ധരംഗത്ത് അണിനിരക്കുന്നവർ

| | |
|---|---|
| പ്രേംനസീർ | — കൊച്ചുനിയൻ |
| അടൂർ ഭാസി | — വലിയ തമ്പുരാൻ |
| കൊട്ടാരക്കര | — അഡ്വോക്കേറ്റ് പുതുമഠം അയ്യർ |
| പി. ജെ. ആന്റണി | — നാണുവമ്മാവൻ |
| ബഹദൂർ | — വിക്രമൻ |
| ഭരതൻ | — അപ്പുണ്ണി |
| റോണി (പുതുമുഖം) | — എൻജിനീയർ രാജൻ |
| എസ്. പി. പിള്ള | — മീനുവിന്റെ അച്ഛൻ |
| നന്ദിതാബോസ് | — മീനു |
| ശ്രീവിദ്യ | — ശ്രീദേവി |
| കവിയൂർ പൊന്നമ്മ | — ഭദ്രത്തമ്പുരാട്ടി |



കാർത്തികയുടെ

# ധർമ്മയുദ്ധം

കഥ-സംഭാഷണം
വി.ടി. നന്ദകുമാർ

സംവിധാനം
വിൻസന്റ്